ആറ്റുകൊഞ്ച് കൃഷി

89 [246] ശ്രീ. കെ. പി. വിശ്വനാഥൻ:
" ഡി. സുഗതൻ:
" ജി. പ്രതാപവർമ്മ തമ്പാൻ:
" എം. പി. ഗംഗാധരൻ:
" എം. എ. ചന്ദ്രശേഖരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറ്റുകൊഞ്ചിന് ഇപ്പോൾ എന്തു വിലയുണ്ട്;

(ബി) ഇതിന്റെ പ്രജനനത്തിലും ഉൽപ്പാദനത്തിലും കുറവുണ്ടായിട്ടുണ്ടോ;

(സി) എങ്കിൽ അത് പരിഹരിക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചു വരുന്നു;

(ഡി) ആറ്റുകൊഞ്ച് കൃഷിക്ക് എന്തെല്ലാം സഹായം നൽകിവരുന്നു എന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ) കൊഞ്ചിന്റെ ഗ്രേഡുകളനുസരിച്ച് കിലോയ്ക്ക് ശരാശരി 200 രൂപ മുതൽ 300 രൂപ വരെ വിലയുണ്ട്.

(ബി) ഇല്ല.

(സി) ബാധകമല്ല.

(ഡി) മത്സ്യ കർഷക വികസന ഏജൻസികൾ മുഖാന്തിരം മത്സ്യ കർഷകർക്ക് നൽകുന്ന എല്ലാ ആനുകൂല്യങ്ങളും ആറ്റുകൊഞ്ചു കൃഷിക്കും നൽകി വരുന്നു. ഇതനുസരിച്ച് കുളം നിർമ്മാണത്തിനും കുളം നന്നാക്കുന്നതിനും ആറ്റുകൊഞ്ചിന്റെ വിത്ത് വാങ്ങുന്നതിനും അവയ്ക്ക് ആഹാരത്തിനും സബ്സിഡി നൽകുന്നു. മത്സ്യ കർഷകർക്ക് മത്സ്യത്തോടൊപ്പം ആറ്റുകൊഞ്ചും ചേർത്ത് കൃഷി ചെയ്യുന്നതിനുള്ള പരിശീലനങ്ങളും നൽകുന്നുണ്ട്.

ആഴക്കടൽ മത്സ്യബന്ധനത്തിന് വിദേശ കപ്പലുകൾക്ക് അനുവാദം കൊടുത്തതിനെതിരെ നടത്തിവരുന്ന പ്രക്ഷോഭം

90 [247] ശ്രീ. സി. കെ. നാണു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദ സഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര ഗവൺമെന്റ് ആഴക്കടൽ മത്സ്യബന്ധനത്തിന് വിദേശ കപ്പലുകൾക്ക് അനുവാദം കൊടുത്തതിനെതിരെ സംസ്ഥാനത്തെ മത്സ്യത്തൊഴിലാളികൾ നടത്തുന്ന പ്രക്ഷോഭ പരിപാടികൾ സംസ്ഥാന ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) കേരളത്തിലെ മത്സ്യബന്ധന മേഖലയിലെ ആഴക്കടൽ ഇപ്പോൾ എത്ര വിദേശ ട്രോളറുകൾ മത്സ്യബന്ധനം നടത്തുന്നുണ്ട്;

(സി) സംസ്ഥാന ഗവൺമെന്റിന് ഇതിനോടുള്ള സമീപനമെന്താണെന്ന് വ്യക്തമാക്കുമോ;

(ഡി) വിദേശ കപ്പലുകൾ ഇവിടെ മത്സ്യബന്ധനം നടത്തുന്നതിനെതിരാണെങ്കിൽ പ്രതിഷേധം കേന്ദ്രത്തെ അറിയിച്ച് മറ്റ് സംസ്ഥാന ഗവൺമെന്റുകളുമായി യോജിച്ച് ഈ നയം തിരുത്തുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ആഴക്കടൽ മത്സ്യബന്ധനത്തിന് കേന്ദ്ര സർക്കാരാണ് ലൈസൻസ് നൽകുന്നത്. വിദേശ ട്രോളറുകൾ സംബന്ധിച്ച കണക്ക് സംസ്ഥാന സർക്കാരിൽ ലഭ്യമല്ല.

(സി ആന്റ് ഡി) ആഴക്കടൽ മത്സ്യബന്ധനം സംബന്ധിച്ച് നയരൂപീകരണം കേന്ദ്ര സർക്കാരിന്റെ അധികാര പരിധിയിൽപ്പെടുന്ന വിഷയമാണ്.

ആഴക്കടൽ മത്സ്യബന്ധനത്തിന് വിദേശ കമ്പനികൾക്ക് ലൈസൻസ് നൽകിയ നടപടി

91 [248] ശ്രീ. ബിനോയ് വിശ്വം:
" മാങ്കോട് രാധാകൃഷ്ണൻ:
" പി. എസ്. സുപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആഴക്കടൽ മത്സ്യബന്ധനത്തിന് വിദേശ കമ്പനികൾക്ക് നൽകിയ ലൈസൻസുകൾ റദ്ദാക്കണമെന്ന് കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ;

(ബി) വിദേശ കപ്പലുകളുടെ അത്യന്താധുനിക സജ്ജീകരണങ്ങളോടുകൂടിയ മത്സ്യബന്ധനം മത്സ്യ സമ്പത്തിനെ നശിപ്പിക്കുമെന്നുള്ളതുകൊണ്ട് അതിനെതിരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ;

(സി) ഇത്തരത്തിലുള്ള ആഴക്കടൽ മത്സ്യബന്ധനംമൂലം മത്സ്യം കിട്ടാതെ തൊഴിൽ രഹിതരായിക്കൊണ്ടിരിക്കുന്ന മത്സ്യത്തൊഴിലാളികളുടേയും അനുബന്ധ തൊഴിലാളികളുടേയും സംരക്ഷണത്തിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചു വരുന്നുണ്ടെന്ന് വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly